Talented Bankers Literary Panel
പുസ്തക പരിചയം 268

ഷൂട്ടൗട്ട്
രമേശൻ മുല്ലശ്ശേരി

പരിചയപ്പെടുത്തുന്നത്,
സുരേഷ് നാരായണൻ,
ധനലക്ഷ്മി ബാങ്ക്,
റീജണൽ ഓഫീസ്,
കരോൾബാഗ്,
ന്യൂഡൽഹി.

*ഗ്രൗണ്ടിലേക്കു നൃത്തം
ചെയ്തിറങ്ങുന്ന മഴ*

കരിമ്പനത്തലകളിലെ കാറ്റുകളെപ്പോലെയല്ല
മുൾപ്പാദുകങ്ങൾ അണിഞ്ഞ
കാലുകളിൽ പിടിക്കുന്ന കാറ്റുകൾ.
രണ്ടുലക്ഷം ഹൃദയങ്ങളെ വരെ ഒറ്റയടിക്കു നിശ്ശബ്ദമാക്കാൻ
ശേഷിയുണ്ടതിന്.

ക്രിക്കറ്റ് ആസ്പദമാക്കി
കെ .എൽ.മോഹനവർമ്മയുടെ
നോവൽ ഉണ്ടെങ്കിലും
ഫുട്ബോളിനെ ഉപാസിച്ചുള്ളൊരു
കൃതി ഇതുവരെ ഒരു കാത്തിരിപ്പ് മാത്രമായിരുന്നു.

ആ ഒരു സ്പേസിലേക്കാണ് 'ഷൂട്ടൗട്ട്' എന്ന ത്രില്ലർ നോവലുമായി രമേശൻ
മുല്ലശ്ശേരി വരുന്നത്.
അർജുൻ ദേവ്, റഫീഖ്, സൗരവ് ഘോഷ്, സാറ, മഹാശ്വേത, അബനീനാഥ്
മുഖർജി, വിനായക്, മാത്യു ജോസഫ്, കാർവാലോ ,ആർ കെ എന്നീ
കരുക്കളെ നമ്മുടെ മുൻപിലേക്ക് ഇട്ടു തരുന്നത്.

'ഗോവൻ ടീം പ്രതിരോധഭിത്തി കെട്ടുകയാണ്; എല്ലാ കണ്ണുകളും
മൈതാനത്തിലാണ്. ഒരാളുടേതൊഴികെ..'
എന്ന വരിയിൽ നിന്ന് നോവലിസ്റ്റ്
ഒരു കുരുക്കെറിയുന്നുണ്ട്.

അതു കഴുത്തിൽ വീണ നമ്മൾ 152ആം പേജിലെ ഫൈനൽ വിസിൽ വരെ
കൂടെ ഓടിക്കൊണ്ടേയിരിക്കും.

പിരിമുറുക്കം നിറഞ്ഞ ആഖ്യാനപ്രതലത്തിലൂടെ തലങ്ങും വിലങ്ങും നമ്മൾ
4 -4 -2 , 3- 5 -2, 4-5-1 എന്നിങ്ങനെ പല പല ഫോർമാറ്റുകളിൽ യാത്ര ചെയ്തുകൊണ്ടേയിരിക്കും.

വായനക്കാരെ ക്ഷീണിപ്പിക്കാതിരിക്കുവാനായി
കൊതിപ്പിക്കുന്ന
'റിയൽ പ്ലേ റഫറൻസുകൾ' അടിക്കടി സമ്മാനിക്കുന്നുണ്ട് നോവലിസ്റ്റ്.
അത് നുണഞ്ഞുകൊണ്ട് നോവലിലൂടെ ഡ്രിബിൾ ചെയ്തു പോകാം !

അങ്ങനെ പോകുന്നതിനിടയിൽ
'നീ മേത്തന്റെ ഗോളിനല്ലേടാ ജയിച്ചത്' എന്ന ശരത്തിന്റേയും, 'അവൻ പട്ടികജാതിയല്ലേ, റിസർവേഷൻ ഉണ്ട്' എന്ന ജോൺ വർഗീസ് സാറിന്റെയും
പിൻകാൽ ഫൗളുകളിൽ മുഖമടിച്ചു വീഴുകയും ചെയ്യാം.

ഒരു ഫുട്ബോളറുടെ സുവർണ്ണകാലം അതീവ ഹ്രസ്വമത്രേ.
തുകൽപ്പന്ത് ഒരുവനെ ദൈവവും,.
അവന്റെ എതിർവശത്തുള്ളവനെ ശപിക്കപ്പെട്ടവനും
ആക്കിത്തീർക്കുന്നു.

ഗോവയിൽ നിന്നും തുടങ്ങി ,
വെട്ടിത്തിരിഞ്ഞു കൊച്ചിയിലെത്തി,
ലോങ്ങ്പാസിലൂടെ കൽക്കട്ടയിൽ കെട്ടിമറിഞ്ഞ്,
കൊച്ചിയിൽത്തന്നെ ഫൈനൽ
വിസിലായ് മാറുന്നു 'ഷൂട്ടൗട്ട്'.

അജ്ഞാതനായ ഒരു പന്ത്രണ്ടാമനെ ഭയക്കുന്ന അർജുനെ നമുക്ക് നോവലിൽ ഉടനീളം കാണാം. പിന്നീട് അവൻ അതിൽ നിന്നു സ്വതന്ത്രനാവുന്നുണ്ട്. ആ നിമിഷങ്ങളിൽ നോവൽ നമ്മുടെയും ഒരു ലൈഫ്കോച്ച് ആയി മാറുന്നു.

അടിച്ചേൽപ്പിക്കപ്പെട്ട നൂറ്റാണ്ടുകളുടെ അടിമത്തം തോൽവികളുടെ മറ്റൊരു കാരണമായി നമുക്ക് മുമ്പിൽ കിടന്നു പിടയുന്നതിനെയും, വരികൾ ഇഴപിരിച്ച് നോവലിസ്റ്റു കാണിച്ചുതരുന്നു.

ഒരു കായിക നോവൽ എന്നതിലുപരി അന്തർദ്ദേശീയ തലങ്ങളിലേക്ക് ഉയർന്നുപോകുന്നുണ്ട് ഷൂട്ടൗട്ട്. തങ്ങളുടെ അവസാന ഗെയിം ആയിരിക്കും എന്ന് അറിഞ്ഞുകൊണ്ട് ജർമ്മൻ പട്ടാള ടീമിനോട് കളിച്ച് ഏകപക്ഷീയമായ എട്ടു ഗോളുകൾക്ക് ജയിക്കുന്ന കീവ് നഗരത്തിന്റെ ഫുട്ബോൾ ടീം .. സ്വയം മുറിവേൽക്കാതെ ആ പേജു നിങ്ങൾക്ക് വായിച്ച് മുഴുപ്പിക്കാനാവില്ല.

മഴ.
പെനാൽറ്റി .
ചോരയിൽ കുതിർന്ന സ്റ്റേഡിയം .
പത്താം നമ്പർ നീല ജേഴ്സി അണിഞ്ഞ്
പറന്നു പൊങ്ങാനൊരുങ്ങുന്ന അർജുൻ.
ക്യാമറമാൻ കണക്ക് നോവലിസ്റ്റ് അതിവിദഗ്ദ്ധമായ് ആ നിമിഷങ്ങളെ
ഒപ്പിയെടുത്തിരിക്കുന്നു . ഫുട്ബോളിന്റെ അധോലോകങ്ങൾ
അനാവൃതമാകുമ്പോൾ
സമയം തീരുന്നത് ,
പേജുകൾ തീരുന്നത് അറിയുകയേയില്ല.
എം.പി.സുരേന്ദ്രന്റെയാണ് അവതാരിക.

മാതൃഭൂമി പ്രസിദ്ധീകരണം
വില Rs.210/-